# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I..2/PR/2022 കെ. യു എച്ച്. ക്യു, തീയതി 06.07.2022

## പ്രസിദ്ധീകരണത്തിന്

### പുനഃക്രമീകരിച്ച പരീക്ഷകൾ

**06.07.2022** ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ ചുവടെ നൽകിയ തീയതികളിൽ നടക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു:

- **ഒന്നാം** സെമസ്റ്റർ **ബി. എസ് സി.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), നവംബർ 2021 പരീക്ഷകൾ **– 08.07.2022 (വെള്ളി)**
- ഗവ. ബ്രണ്ണൻ കോളേജിലെ **ഒന്നാം** സെമസ്റ്റർ **ബി. എസ് സി. ഓണേഴ്സ് ഇൻ മാത്തമാറ്റിക്സ്** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), നവംബർ 2021 പരീക്ഷകൾ – **11.07.2022 (തിങ്കൾ)**
- **മൂന്നാം** സെമസ്റ്റർ **വിദൂരവിദ്യാഭ്യാസ ബി. എ. എക്കണോമിക്സ്** (റെഗുലർ/ സപ്ലിമെൻററി/ ഇംപ്രൂവ്മെന്റ്) മാർച്ച് 2022 പ്രായോഗിക പരീക്ഷ – **11.07.2022 (തിങ്കൾ)**
- **സെക്കന്റ് പ്രൊഫഷണൽ ബി. എ. എം. എസ്.** (സപ്ലിമെന്ററി), ഡിസെംബർ 2020 പരീക്ഷകൾ – **12.07.2022 (ചൊവ്വ)**
- **ഒന്നാം** സെമസ്റ്റർ **എം. എസ് സി. പ്ലാന്റ് സയൻസ്** (റെഗുലർ), ഒക്ടോബർ 2021 പരീക്ഷകൾ – **12.07.2022 (ചൊവ്വ)**
- **രണ്ടാം** വർഷ **അഫ്സൽ ഉൽ ഉലമ പ്രിലിമിനറി** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്– പ്രൈവറ്റ് രജിസ്ട്രേഷൻ/ വിദൂര വിദ്യാഭ്യാസം ഉൾപ്പെടെ), ഏപ്രിൽ 2022 പരീക്ഷകൾ – **12.07.2022 (ചൊവ്വ)**
- **ഒന്നാം** സെമസ്റ്റർ **പി. ജി. ഡി. സി. പി.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), നവംബർ 2021 പരീക്ഷകൾ – **12.07.2022 (ചൊവ്വ)**
- **മൂന്നാം** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** (റെഗുലർ/ സപ്ലിമെന്ററി), നവംബർ 2021 പരീക്ഷകൾ – **25.07.2022** (തിങ്കൾ)

വെള്ളിയാഴ്ചകളിൽ ഉച്ചക്ക് 2 മണി മുതൽ വൈകുന്നേരം 5 മണിവരെയും മറ്റ് ദിവസങ്ങളിൽ ഉച്ചക്ക് ഒന്നര മുതൽ നാലര വരെയുമാണ് തിയറി പരീക്ഷാസമയം. പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല.

### സ്പോട്സ് സ്പെഷ്യൽ പരീക്ഷ

**അഞ്ചാം** സെമസ്റ്റർ **ബിരുദ സ്പോട്സ് സ്പെഷ്യൽ (**നവംബർ 2021) പരീക്ഷകൾ **12.07.2022** ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ ഉടൻ പ്രസിദ്ധീകരിക്കും.

## പരീക്ഷാവിജ്ഞാപനം

**ഏഴ്** (നവംബർ 2020), **എട്ട്** (ഏപ്രിൽ 2021) സെമസ്റ്റർ **ബി. ടെക്.** (പാർട് ടൈം ഉൾപ്പെടെ) സപ്ലിമെന്ററി പരീക്ഷകൾക്ക് **12.07.2022** മുതൽ **18.07.2022** വരെ പിഴയില്ലാതെയും **20.07.2022** വരെ പിഴയോടെയും അപേക്ഷിക്കാം. 2011 മുതൽ 2014 വരെയുള്ള വിദ്യാർഥികളുടെ അവസാന അവസരമാണ്.

## ഹാൾടിക്കറ്റ്

**14.07.2022** ന് ആരംഭിക്കുന്ന **രണ്ടാം** സെമസ്റ്റർ **പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ** (റെഗുലർ), ഏപ്രിൽ 2021 പരീക്ഷയുടെ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫോട്ടോ പതിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ ഹോൾടിക്കറ്റിനൊപ്പം ഫോട്ടോ രേഖപ്പെടുത്തിയ ഏതെങ്കിലും ഗവ. അംഗീകൃത അസ്സൽ തിരിച്ചറിയൽ കാർഡുമായി പരീക്ഷക്ക് ഹാജരാകണം.

## പരീക്ഷാഫലം

**നാലാം** സെമസ്റ്റർ **എം. കോം.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2022 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **18.07.2022** ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം.

## പുനർമൂല്യനിർണയഫലം

**രണ്ടാം** വർഷ **വിദൂര വിദ്യാഭ്യാസ ബി. ബി. എ./ ബി. കോം.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഗ്രേഡ്/ ഗ്രേഡ് പോയിന്റിൽ മാറ്റമുള്ളപക്ഷം വിദ്യാർഥികൾ റിസൽറ്റ് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും മാർക്ക് ലിസ്റ്റും സഹിതം ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ അപേക്ഷ സമർപ്പിക്കണം.

## പ്രായോഗിക പരീക്ഷ

**ഒന്നാം** സെമസ്റ്റർ **എം. എ. ഭരതനാട്യം** ഡിഗ്രി (റെഗുലർ/ സപ്ലിമെന്ററി), ഒക്ടോബർ 2021 പ്രായോഗിക പരീക്ഷകൾ **08.07.2022** ന് രാവിലെ **09:30** നും **ബി. എ. ഭരതനാട്യം** ഡിഗ്രി (റെഗുലർ/ സപ്ലിമെന്ററി), നവംബർ 2021 പ്രായോഗിക പരീക്ഷകൾ ഉച്ചയ്ക്ക് 1.30 മുതലും പിലാത്തറ ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സിൽ വച്ച് നടക്കും. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടുക.

ഒപ്പ്/-

**അസിസ്റ്റന്റ് രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**